compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ജൂലൈ 07
Tuesday, 07th July 2026

1201 മിഥുനം 23
23rd Mithunam 1201

1948 ആഷാഢം 16
16th Ashadha 1948

വാല്യം 15
Vol. XV

നമ്പർ 27
No.

Part III

Industries and Commerce

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നമ്പർ: SCI/L1/01/2026 തീയതി: 30/06/2026.

ക്ലെയിം നോട്ടീസ്

[1969 –ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 72 ചട്ടം 69 പ്രകാരം]

കൈത്തറി വസ്ത്ര ഡയറക്ടറുടെ 16/02/2026 തീയതിയിലെ HL/1555/2019-T3 നമ്പർ ഉത്തരവ് പ്രകാരം മീനച്ചിൽ സഹകരണ സ്പിന്നിംഗ് മിൽ ഇൻഡ് എച്ച്.റ്റി. (എസ്.റ്റി) 6 ആണ്ടൂർ, മരങ്ങാട്ടുപ്പള്ളി, 686635,പാലാഎന്ന സ്പിന്നിംഗ് മില്ലിന്റെ ലികവിഡേറ്ററായി കോട്ടയം ജില്ലാ വ്യവസായ കേന്ദ്രത്തിലെ സീനിയർ സഹകരണ ഇൻസ്പെക്ടറെ നിയമിച്ചിട്ടുള്ളതും 20/06/2025 -ന് ലികവിഡേറ്റർ ചുമതല ഏറ്റെടുത്തിട്ടുള്ളതുമാണ്. സമാപ്തീകരണ നടപടികളുടെ ഭാഗമായി ടി സംഘത്തിന്റെ എല്ലാ ഇടപാടുകളും അവസാനിപ്പിക്കേണ്ടതിനാൽ ടി സംഘത്തിൽ നിന്നും എന്തെങ്കിലും തുക ലഭിക്കാനുള്ളവർ തങ്ങളുടെ അവകാശവാദങ്ങൾ ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ 60 ദിവസത്തിനകം (ലഭിക്കാനുള്ള തുകയുടെ വിശദ വിവരങ്ങൾ ഉൾപ്പെടെ) ലികവിഡേറ്ററെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഈ സംഘത്തിലേയ്ക്ക് ഏതെങ്കിലും ഇനത്തിൽ അടയ്ക്കാനുള്ള തുക നേരിൽ വന്ന് അടച്ച് രസീത് വാങ്ങേണ്ടതാണെന്നും ഉള്ള വിവരം എല്ലാ സംഘാംഗങ്ങളെയും ഇടപാടുകാരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിച്ചു കൊള്ളുന്നു. മേൽ പറഞ്ഞ തീയതിയ്ക്ക ശേഷമുള്ള യാതൊരു അവകാശവാദങ്ങളും പരിഗണിക്കുന്നതല്ലായെന്നും അറിയിച്ചു കൊള്ളുന്നു.

ജില്ലാ വ്യവസായ കേന്ദ്രം,
കോട്ടയം

ഒപ്പ്.
ലികവിഡേറ്റർ/സീനിയർ സഹകരണ ഇൻസ്പെക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

നമ്പർ: Liq/JCI/215/2026 തീയതി: 01/07/2026

തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറുടെ 29/05/2026 തീയതിയിലെ DICTSR/227/2020-B2 നമ്പർ ഉത്തരവ് പ്രകാരം **'നടത്തറ റീജിയണൽ ഇമിറ്റേഷൻ ഡയമണ്ട് മാനുഫാക്ചേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ SIND (R) 215'** സമാപ്തീകരണത്തിലാവുകയും , തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ (ലിക്വിഡേഷൻ) ഈ സംഘത്തിന്റെ എല്ലാ ചുമതലകളും ഏറ്റെടുക്കുകയും ചെയ്തിട്ടുള്ളതാണ്. മേൽ സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും തുക ലഭിക്കുവാനുണ്ടെങ്കിൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതൽ രണ്ട് മാസത്തിനകം ലിക്വിഡേഷൻ ഇൻസ്പെക്ടറെ സമീപിച്ച് അവകാശം ഉന്നയിക്കേണ്ടതാണ്. പ്രസ്തുത തീയതിയ്ക്ക് ശേഷം ഉന്നയിക്കുന്ന യാതൊരു അവകാശങ്ങളും ബാധ്യതകളും പരിഗണിക്കുന്നതല്ലെന്ന് ഇതിനാൽ ഏവരേയും അറിയിച്ചു കൊള്ളുന്നു

ഒപ്പ്

ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ(ലിക്വിഡേഷൻ)
ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂർ

ജില്ലാ വ്യവസായ കേന്ദ്രം തൃശ്ശൂർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.07.07 04:58:27 +05:30